ഉത്തരം

(എ-ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ബഹുമാനപ്പെട്ട സംസ്ക്കാരിക വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ബാഹുലേയൻ മകൻ രമേശ് പാടത്ത് വീട്, എങ്ങണ്ടിയൂർ എന്ന ആളിന്റെ പേരിൽ വാടാനപ്പള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം 62/99 ആയി ഐ.പി.സി. 353, 34 എന്നീ വകുപ്പുകൾ പ്രകാരവും കെ.പി. ആക്റ്റ് സെക്ഷൻ 52 പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ചാവക്കാട് ജൂഡിഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ ചർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. കോടതിയിൽ സി.സി. 668/99 നമ്പരായി കേസ് വിചാരണയിലിരിക്കുന്നു.

മുൻമന്ത്രിമാരെ സംബന്ധിച്ച വിജിലൻസ് കേസുകൾ

101 (102) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുൻ മന്ത്രിമാരെ സംബന്ധിച്ച് ഫയൽ ചെയ്ത വിജിലൻസ് കേസുകളിൽ ബന്ധപ്പെട്ട അധികാരസ്ഥന്റെ അനുമതി തേടാതെ ആരെയെല്ലാം സംബന്ധിക്കുന്ന കേസുകൾ ഫയൽ ചെയ്തിട്ടുണ്ട് ;

(ബി) ഇപ്രകാരം അനുമതി തേടാതെ തന്നെ വിജിലൻസ് കേസുകൾ ഫയൽ ചെയ്യാനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(സി) ഇപ്രകാരം അനുവാദം ലഭിക്കുന്നതിന് എത്രകാലം മുമ്പാണ് കേസുകൾ ഫയൽ ചെയ്തിട്ടുള്ളത് ;

(ഡി) അനുമതിയില്ലാതെ ഫയൽ ചെയ്ത കേസുകളിൽ ആരെയെല്ലാം സംബന്ധിക്കുന്ന കേസുകളിലാണ് ഇതുവരെ കോടതി മുമ്പാകെ അന്തിമ റിപ്പോർട്ട് നൽകാതിരുന്നിട്ടുള്ളത് ?

ഉത്തരം

(എ-ഡി) പാമോലിൻ കേസിൽ ശ്രീ. കെ. കരുണാകരൻ ഫയൽ ചെയ്തിരുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനിൽ ഈ കേസ് ചാർജ്ജ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട സുപ്രീം കോടതി അനുമതി നൽകിയിരുന്നു. തുടർന്ന് വി.സി.1/97/എസ്സിറ്റി നമ്പരായി രജിസ്റ്റർ ചെയ്ത വിജിലൻസ് കേസിൽ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ മുൻഭക്ഷ്യ വകുപ്പുമന്ത്രി ശ്രീ. ടി.എച്ച് മുസ്തഫ തുടങ്ങിയവർക്കെതിരെ ചാർജ്ജ് ഷീറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കേസന്വേഷണം പൂർത്തിയായി കഴിഞ്ഞാൽ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിൽ നിന്ന് അനുമതി ലഭിക്കുന്നതിന് മുൻപ് ചാർജ്ജ് ഷീറ്റ് സമർപ്പിക്കുന്നതിന് നിയമ തടസ്സമില്ല. അപ്രകാരമുള്ള കേസ്സുകളിൽ പ്രോസിക്യൂഷൻ അനുമതി ലഭിച്ചതിനുശേഷം മാത്രമേ കോടതി കേസ് ഫയലിൽ സ്വീകരിച്ച് അനന്തര നടപടി നടത്തുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly